**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1415** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഡി.സി. തീയറ്റർ സമുച്ചയ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ആമ്പല്ലൂർ കെ.എസ്.എഫ്.ഡി.സി.(കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ) തീയറ്റർ സമുച്ചയ നിർമ്മാണം നിലച്ചിട്ട് വർഷങ്ങൾ പിന്നിട്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. തീയേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി കിഫ്ബിയുമായി കെ.എസ്.എഫ്.ഡി.സി. ഏർപ്പെടേണ്ട തിരിച്ചടവ് കരാർ വ്യവസ്ഥകളിൽ തീരുമാനമാകാത്തതിനാൽ കിഫ്ബി ഫിനാൻഷ്യൽ സാങ്ക്ഷൻ റദ്ദ് ചെയ്ത സാഹചര്യത്തിലാണ് നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിരിക്കുന്നത്. നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**(ബി)** പ്രസ്തുത തീയറ്റർ നിർമ്മാണത്തിലുണ്ടായിട്ടുള്ള വലിയ കാലതാമസം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും, നിർമ്മാണം പൂർത്തിയാക്കി തീയ്യറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. തീയേറ്റർ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി കിഫ്ബിയുമായി കെ.എസ്.എഫ്.ഡി.സി. ഏർപ്പെടേണ്ട തിരിച്ചടവ് കരാർ വ്യവസ്ഥകളിൽ തീരുമാനമാകാത്തതിനാൽ കിഫ്ബി ഫിനാൻഷ്യൽ സാങ്ക്ഷൻ റദ്ദ് ചെയ്ത സാഹചര്യത്തിലാണ് നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിരിക്കുന്നത്. നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**(സി)** പ്രസ്തുത തീയറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. ബിൽഡിംഗ്, സ്ട്രക്ച്ചറൽ വർക്സ്, റൂഫ് വർക്സ്, ട്രസ് വർക്ക്, ലിഫ്റ്റ് പ്രൊക്യൂർമെന്റ് ജോലികൾ എന്നിവ പൂർത്തിയായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**